## പതിമൂന്നാം കേരള നിയമസഭ
## 12-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 800** 03.12.2014-ൽ മറുപടിയ്ക്ക്

**ആരോഗ്യ വകുപ്പിലെ താൽക്കാലിക വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത്**

| | ചോദ്യം<br><br>ശ്രീ മോൻസ് ജോസഫ് | | ഉത്തരം<br><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | താൽക്കാലിക വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 28.10.2014 ലെ ഉത്തരവ് ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | 28.10.2014 ലെ ജി.ഒ (പി) 466/14/ഫിൻ നമ്പർ ഉത്തരവിൽ പരാമർശിക്കുന്ന തസ്തികയിൽപ്പെടുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്കും മേൽ ഉത്തരവ് ബാധകമാണ്. |
| (ബി) | ആരോഗ്യ വകുപ്പിലെ താൽക്കാലിക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 19.05.2012-ലെ ഉത്തരവ് ആനുപാതികമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | ആരോഗ്യ വകുപ്പിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് തുടങ്ങിയവരുടെ വേതനം അവസാനമായി പുതുക്കിയത് 05.02.2002-ലെ ജി.ഒ (എം,എസ്) നം. 45/2002/ആകുവ നമ്പർ ഉത്തരവ് പ്രകാരമാണ്. 19.05.2012 ലെ ജി.ഒ (എം.എസ്) 145/2012/ആകുവ നമ്പർ ഉത്തരവ് പ്രകാരം ഭാരതീയ ചികിത്സാ വിഭാഗം, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ഹോമിയോപ്പതി വകുപ്പുകളിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ദിവസവേതനമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. മേൽ ഉത്തരവ് ആരോഗ്യ വകുപ്പിലെ താൽക്കാലിക ജീവനക്കാർക്ക് കൂടി ബാധകമാക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ